# റാം മുഹമ്മദ്

നിഷ ഉതുപ്പ്



“ബാപ്പൂ .................. എന്താണ് ഓർക്കുന്നത്? ”

റാം മുഹമ്മദിന്റെ ശബ്ദം!

തിരിഞ്ഞു നോക്കിയപ്പോൾ ആൾ വിയർപ്പിൽ കുളിച്ച് നിൽക്കുന്നു.

”ഓ ...... ഒന്നുമില്ല റാം മുഹമ്മദ് ....... ” മറുപടി കേട്ടപ്പോൾ റാം മുഹമ്മദ് ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയോടെ പുഞ്ചിരിച്ചു.

ചതിയൻ ! വഞ്ചകൻ! .........

നൗഖാലിയുടെ വാക്കുകളായിരുന്നു അത്!

അതോ ഒറ്റപ്പെട്ട, തെറ്റിദ്ധരിക്കപ്പെട്ടവരുടെ വാക്കുകളോ?

ചിലപ്പോൾ ഇന്ത്യയുടെ. ഈ പുതിയ ഇന്ത്യയുടെ വാക്കുകളാവാം. മഹാത്മാവിന്റെ മനസ്സ് പിടഞ്ഞു.

അള്ളാവിന്റെ വെളിച്ചം പേറിയ ഇന്ത്യയുടെ മക്കൾ! അവരെ ഒറ്റക്ക് വിടാൻ വയ്യ. അതിർത്തിക്കപ്പുറത്തും ഇപ്പുറത്തുമായി കിടക്കുന്ന ഈ പുതിയ ഇന്ത്യയിൽ നിന്നു തന്നെ താൻ തുടച്ചുമാറ്റപ്പെടട്ടെ; പക്ഷേ അവരുടെ മനസുകളിൽ നിന്ന് .........

ഒരു നൊടിപോലും അന്യനാകാൻ വയ്യ.

പഞ്ചാബിൽ നിന്ന് വരുന്നത് വാർത്തകളല്ല!

പിശാചിന്റെ സന്ദേശങ്ങളാണ്. തീവണ്ടി മുറികളിൽ മനുഷ്യർ അവയവങ്ങളായി യാത്ര ചെയ്യുന്നു.

ഈ ഇന്ത്യക്ക് വേണ്ടിയായിരുന്നോ കാലം ഒരു പടയണിക്ക് തുടക്കമിട്ടത്? ഒരു കാലാളായി ഒരിക്കൽ അതിൽ തന്നേയും നിയോഗിച്ചത്. നിരാലംബരായ കാലാളുകളേപ്പോലെ ഒരു സ്വപ്നം വെട്ടയിരിയപ്പെടുകയാണ്. മനസ്സിൽ നൗഖാലിയയിലെ രക്തം പുരണ്ട ഗലികൾ നുരക്കുന്നു.

”ബാപ്പൂ പ്രാർത്ഥനയ്ക്ക് സമയമാകുന്നു.....”

പ്രാർത്ഥനയിലും ദിശ കിട്ടാതെ മനസ്സ് വിമുഖത കാട്ടി. നടക്കണം, അതെ നടക്കുകയാണ്

വേണ്ടത്;' ഇരുന്നുകൂടാ, വിശ്രമിക്കാൻ പാടില്ല.............

”ബംഗാളിൽ ഗാന്ധി വിജയിച്ചു, പഞ്ചാബിൽ പട്ടാളം തോൽക്കുന്നു.”

പത്രത്തിന്റെ തലക്കെട്ട് മാത്രം കണ്ടു.താൻ വിജയിച്ചുവോ? ഇല്ലെന്ന് മനസ്സ് ഉറപ്പിച്ച് പറയുന്നു. അറുത്തെറിയാൻ കഴിയാത്ത വേരുകൾ! അതാണ് ബംഗാളിനെ കാത്തത്. ഇന്ത്യ മുഴുവനും ആ വേരുകളുണ്ട്. അറ്റു പോകാൻ തുടങ്ങുന്ന ഇടങ്ങളിൽ ആ വേരുകൾ പാകിയുറപ്പിക്കണം. അതാണ് പുതിയ നിയോഗം.

ഒരു വെള്ളി വെളിച്ചവും തെളിയിച്ച് ഇരുട്ടിന്റെ കനത്ത മാറിലൂടെ അത് മനസ്സിനെവഴി നടത്തുന്നു. പട്ടേലും കൂട്ടരും അത് കാണുന്നുണ്ടാകുമോ?. ജവഹർലാലിന്റെ ഉദാത്തമായ മനസ്സ് ഇന്ത്യയെ നയിക്കട്ടെ. ഈ തത്ക്കാല ദുരിതങ്ങളിൽ


silk
couture
Convenient
parking space for
100 + Cars
Open on
all Sundays
PARTHAS
50th
Year of textile experience
PARTHAS
ESTD : 1960
The complete lifestyle store
MG. Road, Kochi. Tel: 0484 2374175, 4057777
KOCHI • KOTTAYAM • THIRUVANANTHAPURAM

നിന്ന് രക്ഷിച്ചെടുക്കട്ടെ.

അവർ! ഞങ്ങൾ!

നമ്മളെവിടെ?!

കർമ്മങ്ങൾ വീണ്ടും ചെയ്യുവാനായി അവശേഷിക്കുകയാണ്. പുതിയ അതിർത്തിക്കപ്പുറത്ത് പുതിയൊരു രാജ്യം കൂടി കൈകാലിട്ടടിച്ചു കരയുന്നുണ്ട്. രോഗാധീനനായി ജനിച്ച ശിശുവിനെപ്പോലെ. അവിടേക്കും പോകണം.

തന്നെ അവർ തിരസ്കരിക്കുമോ? തിരസ്കരിക്കട്ടെ, പക്ഷേ അവരെ കൈവിടാനാവില്ല.

ബാപ്പൂ എന്തിനാണ് അവർക്കുള്ള പണത്തിനുവേണ്ടി വാദിക്കുന്നത്...... ജിന്നയുടെ അതിമോഹമല്ലേ ഈ ദുരന്തങ്ങൾക്ക് കാരണം ..... ഇന്നലെ റാം മുഹമ്മദിന്റെ ചോദ്യമുണ്ടായിരുന്നു.

അതും ഇന്ത്യയാണ്. മുറിച്ചിട്ടും മുറിയാത്ത ബന്ധങ്ങളിലൂടെ തുടരുന്ന ഇന്ത്യ. അവിടെയും വിശന്നു പൊരിയുന്ന വയറുകളുണ്ട്. ആ വയറുകളും നിറയണം.

"ഗാന്ധി അഭിനയിക്കുകയാണ്, കൈ കഴുകുകയാണ്. പാക്കിസ്ഥാനോട് സ്നേഹം നടിക്കുകയാണ്. പാക്കിസ്ഥാനേവേണ്ടെന്ന് പറഞ്ഞിട്ട് ഇപ്പോൾ അതിനു പണം കൊടുക്കാൻ വേണ്ടി സത്യാഗ്രഹമിരിക്കുകയാണ്. നമ്മൾ ഗാന്ധിയെ വിശ്വസിക്കരുത്..........." വീണ്ടും വാക്കുകൾ എവിടെ നിന്നാണ്. പഴയ ഇന്ത്യയിൽ നിന്നോ? പുതിയ ഇന്ത്യയിൽ നിന്നോ? രക്തമൊലിക്കുന്ന പുതിയ അതിർത്തിക്കപ്പുറത്തു നിന്നോ? അതോ മുറിവേറ്റ മനസുകളിൽ നിന്നോ? അന്വേഷണങ്ങൾ ഇനിയും സത്യങ്ങളിലേക്ക് നീളാനിരിക്കുന്നു. ബാപ്പു എവിടെ ഇവിടേക്ക് വരുന്നില്ലേ? ഞങ്ങളെ കൈവിട്ടോ? ബാപ്പൂ ഇവിടെ വന്നു നോക്കൂ! പാക്കിസ്ഥാനും ഹിന്ദുസ്ഥാനം ഞങ്ങ ൾക്കുവേണ്ട! ഞങ്ങൾക്കു ജീവിച്ചാൽ മതി. പുതിയ അതിർത്തി കടന്നും വിലാപങ്ങൾ വരുന്നു.

"ബാപ്പൂ, പത്രക്കാർ വന്നിരിക്കുന്നു" റാം മുഹമ്മദിന്റെ ശബ്ദം വീണ്ടും

"അങ്ങ് പാക്കിസ്ഥാനിലേക്ക് പോകുന്നെന്ന് കേട്ടു ശരിയാണോ"

"ലാഹോറിലേക്ക്, പാക്കിസ്ഥാനിലേക്കല്ല. എല്ലായിടത്തേക്കും പോകുന്നുണ്ട്"

ഗാന്ധിയെ സ്വീകരിക്കാൻ ലാഹോർ ഒരുങ്ങുന്നു വാർത്ത! സത്യമായിരിക്കുമോ? രണ്ടായിതീർന്ന് രക്തമൊലിപ്പിക്കുന്ന ഈ പാവം ജനതയുടെ മുറിവുകൾ ചേർത്തു വച്ച് പരസ്പരം ജീവരക്തം പകരാൻ, മുറിപ്പാടുകളില്ലാതാക്കാൻ കഴിയുമോ?

ഒരു ഫലിതം കേൾക്കുന്നതു പോലെ മൗണ്ട് ബാറ്റൻ ചിരിച്ചു. പക്ഷെ ശുഭ ചിന്തകളുടെ ഒരു രഥമൊരുക്കി മനസ്സ് ശരീരത്തെ വിളിക്കുകയാണ്.

എങ്കിൽ പോകണം. കൂടിചേരുന്നതുവരെ, അല്ലെങ്കിൽ ശേഷിച്ച കാലം മുഴുവനും അവിടെ കഴിയണം. ഇവിടെ ജവഹർലാൽ ഉണ്ട്, അബ്ദുൾകലാമുണ്ട്, അവിടെ ആരുമില്ല! ഇല്ലേ? ജിന്നയുണ്ടല്ലോ.....

ജിന്നയെ കാണണം. തനിക്കു തെറ്റു പറ്റിയെങ്കിൽ അതെവിടെയാണന്നറിയണം. പിന്നെ മുറിവേറ്റ ഹൃദയങ്ങളിലൂടെ സഞ്ചരിക്കണം.

ശക്തി! ഇതിനൊക്കെയുള്ള കരുത്ത് എവിടെ?

മനസ്സ് ഒരത്ഭുതം പോലെ വീണ്ടും മുന്നിൽ നടക്കുകയാണ്.

"ബാപ്പൂ എന്നെ വിഷമിപ്പിക്കരുത്. ഇവർ അങ്ങയുടെ കൂടെ നിൽക്കട്ടെ.അങ്ങയുടെ സുരക്ഷ........ എന്റെ


Remembrance of my First Holy Communion
On 15th May 2010
St. Margaret Mary's Church, Dovcot
BONIO JANU PLAHOTTATHIL
S/o. Mr. & Mrs. Janumon Thomas
19-Finchlea Drive
Liverpool
" The bred that I will give for the life of the world is mu flesh (John 65:1)


Best Compliments from;
Ashish Madathilparambil
& Family

കടമയാണ്."

പട്ടേൽ അധികാരി ആയിക്കഴിഞ്ഞു.

പട്ടേലിന്റെ കരുത്താർന്ന ഹൃദയം തന്നെയല്ല, ഇനി ഇന്ത്യയെ രക്ഷിക്കട്ടെ.

ഡർബനിലെ ആ ദിവസം ഓർമ്മ വരുന്നു.

അടർന്ന പല്ലുമായി വീണ ആ ദിവസം! പീഡകളുടെ സുഖമറിയിച്ച ആ ദിവസം!! ഒരു ജനതയുടെ അരക്ഷിതാവസ്ഥകൾ വെറുതെ കണ്ടു നിൽക്കാനാണോ ആ ദിവസം തന്നെ പറഞ്ഞു വിട്ടത്.

മരണം തൊട്ടരുകിൽ ഒരു സ്വാന്തനമായി കൂടെയുണ്ടെങ്കിലും ആയുസ്സ് ഇനിയം എന്തിനൊക്കെയോ വേണ്ടി ബാക്കിയുണ്ട്.

"ബാപ്പു അങ്ങ് ഞങ്ങളെ രക്ഷിച്ചു. ഇവിടെ നിന്നും പോകരുത്."

പോസ്റ്റ് കാർഡുകൾ പെട്ടിയിലാക്കി വയ്ക്കാൻ മറന്നതെന്തേ? മതി വന്നതായി തോന്നിപ്പിക്കുന്നോ? പരമമായ ഒന്നിലേക്കും, ഒരു ശാന്തതയിലേക്കും സ്ഥിരമായി മനസ്സ് എത്തിച്ചേരില്ലായിരിക്കാം. അവിടേക്ക് നിരന്തരമായി യാത്ര ചെയ്തുകൊണ്ടിരിക്കണം.

പോസ്റ്റ് കാർഡുകൾ റാം മുഹമ്മദ് അടുക്കി വയ്ക്കുകയാണ്. ഈ റാം മുഹമ്മദ് എത്ര പണികളാണ് ചെയ്യുന്നത്. വിശ്രമമില്ലാതെ ഓടി നടന്ന് ഇല്ലാത്ത പണികൾ വരെ ഉണ്ടാക്കി ചെയ്യുന്നു. ഈ ചെറിയ കുടിലിനുള്ളിൽ മൈലുകളുടെ ദൂരം റാം മുഹമ്മദ് നടക്കുന്നുണ്ടന്ന് കരുതിയാലും അധികമാവില്ല.

തന്നെപ്പറ്റി വ്യാഖ്യാനങ്ങളും വിശേഷണങ്ങളും നല്കാൻ എല്ലാവരും ശ്രമിക്കുന്നു. പക്ഷെ ഈ സാധുവിന്റെ അത്യധ്വാനം ആരു കാണുന്നു. ഇവിടെ വന്നുപോകുന്ന ആരും റാം മുഹമ്മദിനെകാണുന്നതുപോലുമില്ലെന്നു തോന്നും. അവരുടെ പെരുമാറ്റം കണ്ടാൽ റാം മുഹമ്മദിനെ താൻ മാത്രമേ കാണുന്നുള്ളൂ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

എവിടെ നിന്നാണ് റാം മുഹമ്മദ് തന്റെ കൂടെ കൂടിയത് എന്ന് എന്തുകൊണ്ടോ കൃത്യമായി ഓർക്കാൻ കഴിയുന്നില്ല. എപ്പോഴോ തന്റെ കൂടെ ഒരു വെളിപാടുപോലെ വന്നു എന്നേ ഓർക്കാൻ കഴിയുന്നുള്ളു.

"താങ്കൾ കഴിച്ചോ"

"ബാപ്പൂ ഭക്ഷണം കഴിച്ചില്ലല്ലോ...."

"ബാപ്പൂ കഴിക്കു. ഞാനീ നൂറ്റ നൂലൊക്കെ ഒരു ക്രമമായി വയ്ക്കട്ടെ"

ഭക്ഷണം കഴിക്കാതെ പുതിയൊരു ശ്രമത്തിലേർപ്പെടാൻ തുടങ്ങുകയാണ് റാം മുഹമ്മദ്.

"വരട്ടെ ആദ്യം ഭക്ഷണം കഴിക്കൂ"

"ബാപ്പൂ കഴിച്ചിട്ട് ഞാൻ കഴിച്ചോളാം"

"എങ്കിൽ നമുക്കൊരുമിച്ച് കഴിക്കാം"

തന്നെപ്പോലെ അല്പം പാലിൽ നിന്നും വേവിച്ചുടച്ച പച്ചക്കറികളിൽ നിന്നും ശക്തി നേടാൻ ശ്രമിക്കുകയാണ് റാം മുഹമ്മദ്. പക്ഷെ റാം മുഹമ്മദ് കുറച്ചുകൂടി നല്ല ഭക്ഷണം കഴിക്കേണ്ടിയിരിക്കുന്നു. ശരീരംകൊണ്ട് താൻ അദ്ധ്വാനിക്കുന്നില്ലല്ലോ, മനസ്സ് കൊണ്ടുമാത്രമാണ് താൻ ജീവിക്കുന്നതുപോലും. റാം മുഹമ്മദ് അങ്ങനെയല്ല. തന്റെ സന്തത സഹചാരിയായി തനിക്കു കൂടി വേണ്ടി രക്തം വിയർപ്പാക്കുകയാണ് ഈ മനുഷ്യൻ.

"റാം മുഹമ്മദ് എന്താണ് ഞാൻ

With best compliments

# Jose Mathew & Family

32 Lichfield Road
Halewood
Liverpool



WISHING A VERY HAPPY 1st BIRTHDAY to OUR LITTLE JUSTIN
& SWEET KISSES FROM DADDY, AMMA & EDWIN.

പറഞ്ഞത് അനുസരിക്കാത്തത്?"

"എന്താണ് ബാപ്പൂ?"

നാളെ മുതൽ കുറച്ചുകൂടി പാലും പഴങ്ങളും കഴിക്കണം.

ഓ അതാണോ........? ബാപ്പു കഴിക്കുന്നതുമതി എനിക്കും.

"എങ്കിൽ നാളെ മുതൽ ഞാൻ ഭക്ഷണമേ കഴിക്കുന്നില്ല"

അയ്യോ, അതുവേണ്ട, ബാപ്പു പറയുന്നത് ഞാൻ ചെയ്തോളാം.

നോക്കൂ റാം മുഹമ്മദ്, ഞാൻ പറയട്ടെ. ഞാൻ ഈ ശരീരത്തെ നിലനിർത്താൻ മാത്രം ആഗ്രഹിക്കുന്നു. അതിനുള്ള ഭക്ഷണം ഞാൻ കഴിക്കുന്നുണ്ട്. താങ്കൾ അങ്ങനെയല്ല. എനിക്കുകൂടി വേണ്ടി താങ്കൾ ശരീരം കൊണ്ടദ്ധ്വാനിക്കുന്നു. അപ്പോൾ എനിക്കുകൂടി വേണ്ടി താങ്കൾ ഭക്ഷണം കഴിക്കണം.

"ബാപ്പു വീണ്ടുമെന്നെ തോൽപ്പിച്ചു."

"അല്ല റാം മുഹമ്മദ്, ഞാൻ തോൽക്കുകയാണെന്ന് തോന്നുന്നു. ഇന്ത്യ മുഴുവൻ എന്റെ തോൽവിയുടെ ദുരന്ത ചിത്രങ്ങളാണ്; താങ്കൾ മാത്രം എനിക്കുമുന്നിൽ തോറ്റു തരുന്നു."

"ബാപ്പു ഇന്നും പ്രാർത്ഥനക്ക് തനിച്ചാണോ പോകുന്നത്? ഇന്നലെ പ്രാർത്ഥനാ സമയത്ത് എന്തോ ഉണ്ടായന്ന് കേട്ടല്ലോ. ഞാൻ കൂടി വരട്ടെ?"

റാം മുഹമ്മദ് പ്രാർത്ഥിക്കുന്നത് ഒരിക്കലും കണ്ടിട്ടില്ല. പക്ഷേ കരളുരുകുന്ന ഒരു പ്രാർത്ഥനപോലെ വിശുദ്ധനാണ് ഈ റാം മുഹമ്മദ് എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇപ്പോഴിതാ ആദ്യമായി പ്രാർത്ഥനാസ്ഥലത്തേക്ക് കൂടെ വരട്ടെ എന്നു ചോദിക്കുന്നു.

"വേണ്ട താങ്കളിവിടെ തന്നെ കഠിനമായ ജോലികളിലാണ്. ഇവിടെ ഞാനില്ലാത്തപ്പോഴെങ്കിലും അല്പം

*Everloving Memory*



MR.P.T. JOSEPH

PRALEL H, NEENDOOR

DIED ON 06 -12-2006



*Everloving Memory*

MR.T.J JOSE

THEKKEEPARAMBIL

DIED ON 23-05-2006

From Sorrowing Family, Mr.Tijo Thomas Pralel & Family

78 Mossway, Croxteth, Liverpool

# ഞങ്ങളുടെ മുത്തശ്ശി

**ശരണ്യ ബാബു**

ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി
പല്ലില്ലാത്തൊരു മുത്തശ്ശി
കഥകൾ പറയും മുത്തശ്ശി
പാട്ടുകൾ പാടും മുത്തശ്ശി
അമ്പിളി പൊലൊരു മുത്തശ്ശി
പുഞ്ചിരി തൂകും മുത്തശ്ശി
ഞങ്ങൾക്കൊപ്പം സന്ധ്യാനാമം
ജപിച്ചിടുന്നു മുത്തശ്ശി
പൈതങ്ങളെയാണേറെയിഷ്ടം
സുന്ദരിയാണേ മുത്തശ്ശി
വടിയും കുത്തി പിച്ചെപ്പിച്ചെ
നടന്നു വരുന്നു മുത്തശ്ശി
ഞങ്ങൾക്കൊപ്പം കളിച്ചിടുമോ
ഞങ്ങളുടെ സ്വന്തം മുത്തശ്ശി

ജന്മദിന ആശംസകൾ



**Alfrad Jijo Thakadiyel**

With Best combliments

പപ്പ: Jijo അമ്മ: Simi

# SPICE GARDEN



The Real Indian Gourmet

*We do all types of Out-Door Catering*

Call : **0151 228 8113** | Lalu : **0787 261 2685** | Saji : **0787 783 6288**

496 Prescot Road. Old Swan, Liverpool, L13 DB

THE BEST COMPLIMENTS FROM

**Boby George & Lissy Bobby**
**Rose Mary Bobby & Cicily Bobby**

4 Willmer Road, Birkenhead, Wirral, CH42 0JE

# Social Responsibility, Ramesh & US



**Pouly**

What do the following people have in common: Ramesh S Kumar, CEO of a well known French Bank currently based in Bangalore; Bruno Kuba, an IT Analyst in a global company from Sao Paulo, Brazil; Roberto Confessore, Senior IT Manager with a global company based in the UK; & Thomas Thomas, team leader in the Cochin office of one of the world's largest IT companies?

To begin with, they are all known to me, having collaborated with me in some shape or form over the past few years. Most have travelled the world visiting at least five continents. And they excel in what we have in common - IT.

But there is more. They all care for our Society and demonstrate their commitment to it. They are passionate about making a difference although they do it quite differently. They seek avenues where they can help others. They all believe in something called 'Social Responsibility'. While Roberto runs double marathons in South Africa to raise funds, Thomas visits a local Mother Theresa Orphanage to make his periodic contributions. Ramesh supports an orphanage in a remote part of the country, and Bruno supports a local school.

Publicity for their work does not interest them. But I believe some celebration of their commitment could help promote a culture where we all share responsibilities beyond our immediate relations and local environment. Such a culture builds mutual support from individual excellence: we help each other with things we are strong at. This culture can really make a difference because it taps into things that excite us.

I used to work at ITPL (Techno Park, Whitefield), Bangalore few years back. At that time, we had a temporary office assistant. We had no idea where Ramesh came from or where he lived. Working in IT, we knew all about 'knowledge transfer' or the likes & dislikes of our global customers, but we knew next to nothing about our temporary colleague, Ramesh. We knew certain things of course. Ramesh spoke very good English. He was a presentable and reliable person who we could trust to manage our professional affairs such as booking tickets, remitting taxes and various other time-consuming tasks. Then one day Ramesh suddenly stopped coming to the office. This caused a moment's concern, but there was no need for a crisis management meeting. We simply checked if there was any 'work-in-progress' with him, but true to his reputation, Ramesh always delivered 'OTIF' (On Time In Full) – a dream expectation in IT world. So with no overdue 'delivery' from our absent colleague, life quickly moved on. Later that day, the supply agency sent us another candidate.

But for some reason, I remained curious to know what had happened to our Ramesh, and set out to investigate. You may have guessed the worst but nothing of that sort. It transpired that he had been having severe issues with

his leg and was now obliged to sit at home with no job and no salary. It was a terrible blow to his dreams as a young graduate. I quickly rallied the support of my colleagues and did some fundraising. I was pleasantly surprised by the overwhelming response as most of the people required merely a steer. As I moved on to the UK, I lost my connection with Ramesh. Even now, I feel I should have reached out and done more. One cannot 'undo' or 'recall' the past, but there are Rameshs everywhere. A little help from us can dramatically change their worlds. UK Indians like us are more globally travelled; more currencies have passed through our hands; Gucci's & Armanis are no bar. Yes, we can do it! Let us make a difference!

Social responsibility does not necessarily mean money. It can mean our time well spent providing guidance or mentoring less fortunate ones, getting involved in social issues, guiding the local school etc. Social responsibility also does not mean that this is only for the UK Indians but all humans to share and take responsibility!

I happened to meet some NRIs (non-resident Indians) in the UK who were desperate to help but did not know 'how' to go about this. It is really so simple – as you get these opportunities through TV, internet, print-media, your own friends/family members back home in India etc. As you may be aware of the bible quote – Seek you shall find (Mathew 7:7).

I was involved briefly in some social work for the homeless in the UK & I was quite shocked by the level of poverty prevailing in the so-called 'First World'. Hence our sphere of work need not be just for our fellow-Indians but any human beings needing this kind of a help/support.

Finally, we all have a social responsibility, although it does not matter how we exercise this role. When we demonstrate this consistently, it is not just about our passion, dedication and our contributions towards the world around us, but it is a self-discovery of our own powers and influence – where we will feel we are capable of making a difference - a feeling no money can buy !

Dedicated to my Kannada mitra – Ramesh.

About the Author: Pauly C Jose works as Global IT Manager for Unilever Plc in its Global IT division currently based in the UK. He has been a member of the Director Board of Wirral Metropolitan College since 2006. Views expressed are purely personal. He can be reached at jaypauly@gmail.com for comments.

# സ്വാതന്ത്ര്യ പിറ്റേന്ന്



**സുകുമാർ അഴിക്കോട്**

സ്വാതന്ത്ര്യസമരകാലത്തെ നേതാക്കന്മാർ പല നിലകളിൽ വളർന്ന മഹാപ്രതിഭകൾ ആയിരുന്നു. അവർക്ക് ചുറ്റും പാരതന്ത്ര്യത്തിന്റെ അലോസരങ്ങളായിരുന്നു. ഇവിടെ വലിയൊരു വൈരുദ്ധ്യമുണ്ട്. അന്ന് ഇന്നത്തെ അപേക്ഷിച്ച് ഉന്നതവിദ്യാഭ്യാസരംഗത്ത് ഗവേഷണസൗകര്യങ്ങൾ കുറവായിരുന്നു. സാമാന്യവിദ്യാഭ്യാസം നടത്തുവാൻ പോലും സൗകര്യങ്ങൾ കുറവായിരുന്ന കാലം. അഥവാ വിദ്യ. അഭ്യസിക്കാൻ അവസരം കിട്ടിയാൽപോലും ഇടയ്ക്ക് വെച്ച് നിർത്തേണ്ടിവന്ന കാലം. കൃത്യാന്തരവ്യഗ്രതയും അസൗകര്യബാഹുല്യവും ഉണ്ടായിരുന്നിട്ടു കൂടി നേതാക്കൾ മഹത്തായ ഗ്രന്ഥങ്ങൾ നമുക്കു നല്കി എന്നാ നാം കണ്ടു. വിദേശത്തു നിന്ന് പഠനം പൂർത്തിയാക്കിയും പൂർത്തിയാക്കാതെയും വന്നവർ സ്വദേശത്തെ സ്വതന്ത്രമാക്കാൻ എല്ലാം ത്യജിച്ചുകൊണ്ട് ശ്രമിച്ചു. ഇന്നത്തെ അപേക്ഷിച്ച് വലിയൊരു വ്യത്യാസമാണ് ഇത്. ഇപ്പോൾ വിദേശത്ത് പഠനം പൂർത്തിയാക്കിയവരെ ഇവിടെ കൊണ്ടുവരണമെങ്കിൽ ഇന്ത്യാഗവൺമെന്റ് അറ്റ്ലാന്റിക് സമുദ്രത്തിനടിയിലൂടെ കയറുകെട്ടി വലിക്കണമെന്ന സ്ഥിതിയായിട്ടുണ്ട്

കേരളീയമായ ഒരുദാഹരണം പറയാം. തിരുവിതാംകൂറിലെ ഏറ്റവും സമ്പന്നവും കുലീനവുമായ കുടുംബത്തിലെ അംഗമായിരുന്ന എ.കെ.പിള്ള കേംബ്രിഡ്ജിൽ പഠിക്കുന്ന കാലം. മഹാത്മാഗാന്ധിയുടെ പ്രസംഗങ്ങൾ തിരമാലകളുടെ ശബ്ദത്തിനും മുകളിൽ ലണ്ടനിൽ മുഴങ്ങിയിരുന്ന കാലം. എ. കെ.പിള്ള അടുത്ത കപ്പലിൽതന്നെ ഇങ്ങോട്ടു വന്നു. അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനെക്കുറിച്ചൊന്നും ചിന്തിച്ചില്ല. ഇവിടെ വരുമ്പോൾ കോൺഗ്രസ്സിന്റെ സമ്മേളനം നടക്കുകയായിരുന്നു. നേരേ വേദിയിലോട്ട് കയറിച്ചെന്നു. അങ്ങനെകോൺഗ്രസ്സു പ്രവർത്തകനായി. പിന്നെ പത്രം നടത്തി. അതിന്റെ പേരിൽ സർ സി.പി.രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ സ്വത്തുമുഴുവൻ കണ്ടുകെട്ടി. പിന്നെ അദ്ദേഹം കെ.പി.സി.സി.യുടെ സെക്രട്ടറിയായി. അങ്ങനെയാണ് അദ്ദേഹം 'കോൺഗ്രസ്സും കേരളവും' എന്ന പുസ്തകം എഴുതുന്നത്. കൂറ്റൻ പുസ്തകം ! എ.കെ.പിള്ള തിരിച്ച് ഓക്സ്ഫോർഡിൽ പോയി. ഗാന്ധിജിയൊക്കെ നിർബന്ധിച്ചിട്ടാണ് - പോയി ഡിഗ്രി എടുത്തുവരാൻ പറഞ്ഞു. പോയി, ഡിഗ്രി എടുത്ത് തിരികെവന്നു. അങ്ങനെയാണ് എ. കെ.പിള്ള ബാരിസ്റ്റർ എ.കെ.പിള്ളയായത്. ഇതാണ് മഹത്വം. കുട്ടികളായിരുന്ന ഞങ്ങൾക്ക് ആ പേരുപോലും വലിയ പ്രചോദനമായിരുന്നു. അതാണ് ഞാനാദ്യം പറഞ്ഞത് അന്നത്തെ നേതാക്കളെല്ലാം തന്നെ പല നിലകളുള്ള പ്രതിഭകളായിരുന്നു എന്ന്. അക്കാലത്ത് തമിഴ്കവി സുബ്രഹ്മണ്യഭാരതി എഴുതി, "നമുക്ക് ഭാഷകൾ പലതുണ്ടെങ്കിലും ചിന്തനം ഏകമാണ്" എന്ന് ത്യാഗചിന്തയായിരുന്നു ആ 'ചിന്തനം'.

സ്വാതന്ത്ര്യത്തിന്റെ പിറ്റേന്നുതന്നെ നമുക്ക് പറ്റിയത് ഈ ത്യാഗ വിചാരത്തിന്റെ നഷ്ടമാണ്. ത്യാഗം എന്ന വാക്ക് ധാരാളം പറയപ്പെടുന്നു. അസംഭോഗം ! ഇക്കാലത്ത് നാം ഏതു വാക്കുപറഞ്ഞാലും എതിരാണ് ഉദ്ദേശ്യം. അതിന്റെ ചൈതന്യത്തിൽ നിന്ന് ബഹുദൂരം നാക്ക് അകന്നുപോകുന്നു. എത്രയോ ഉദാഹരണങ്ങൾ പറയാനുണ്ട്. ഒരുദാഹരണം സെക്കുലറിസം

ത്യാഗം എന്ന വാക്ക് ധാരാളം പറയപ്പെടുന്നു. അസംഭോഗം ! ഇക്കാലത്ത് നാം ഏതു വാക്കു പറഞ്ഞാലും എതിരാണ് ഉദ്ദേശ്യം. അതിന്റെ ചൈതന്യത്തിൽ നിന്ന് ബഹുദൂരം നാക്ക് അകന്നുപോകുന്നു.




# NO WIN
# NO FEE

TG

# WWW.GEORGECLAIMS.COM

(PERSONAL INJURY SPECIALIST)

## WE CAN HELP YOU MAKE A CLAIM FOR :

**MOTOR ACCIDENT  ACCIDENT AT WORK**
**MEDICAL NEGLIGENCE  SLIP & TRIP  CRIMINAL INJURIES**

HAD AN ACCIDENT IN THE LAST 3 YEARS?
CLAIM AS A DRIVER AND/OR A PASSENGER INVOLVED
IN ANY ACCIDENT (MINOR/MAJOR)

**E-mail:- contact@georgeclaims.com**

if you involved in any accident

24 hours
For free advice **Office: 01782 444264**
and home visit **Mob: 07957108339**

www.georgeclaims.com

എന്ന വാക്ക്. ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന വാക്കാണ്. ആ വാക്ക് വരുന്നതിനു മുൻപ് സ്വാമി ശ്രദ്ധാനന്ദൻ, ആര്യസമാജത്തിന്റെ നേതാവായിട്ടുകൂടി, ദൽഹിയിലെ ജുമാ മസ്ജിദിൽ പോയി, ഭാരതീയരുടെ സാഹോദര്യത്തെക്കുറിച്ച് പ്രസംഗിക്കുകയുണ്ടായി. വാക്കും അർത്ഥവും ഒന്നിച്ചു പോയി അന്ന്. ഇതായിരുന്നു സ്വാതന്ത്ര്യത്തിനു മുൻപുണ്ടായിരുന്ന ശുഭോദയങ്ങളിൽ ഒന്ന്. ഈ ഉദയങ്ങളുടെ തുടക്കമായിട്ടാണ് നമുക്ക് സ്വാതന്ത്ര്യം കിട്ടിയത്. പക്ഷേ ഇതൊക്കെ ആധികാരികമായി പഠിക്കാൻ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം ഇവിടെ ലഭ്യമല്ല. പഠിക്കേണ്ടെന്നാകാം നേതാക്കളുടെ അന്തരംഗം.

പന്ത്രാമത്തെ വയസ്സിൽ കോൺഗ്രസ്സുകാരനായെന്ന് അഭിമാനിക്കുന്ന ഒരാളാണ് ഈ സംസാരിക്കുന്നത്. അക്കാലത്തിന്റെ ഓർമ്മകൾ മനസ്സ് നിറഞ്ഞുനില്ക്കുന്നു. ആലിപ്പൂർ ബോംബ് കേസിലെ ഒന്നാംപ്രതി, പില്ക്കാലത്ത് മഹാസന്യാസിയായി മാറിയ അരവിന്ദഘോഷ് ആയിരുന്നു. വേദോപനിഷത്തുകൾക്ക്, യാസ്കനും ദയാനന്ദനും ശേഷം, ഏറ്റവും പുതിയ ഭാഷ്യം രചിച്ച ആളായിരുന്നു ആ തീവ്രവാദി. അന്ന് തീവ്രവാദി എന്നുവെച്ചാൽ, ബ്രിട്ടീഷുകാരെ എങ്ങനെയും പുറത്താക്കണമെന്ന് വാദിക്കുന്ന ആളായിരുന്നു. അദ്ദേഹത്തിനെതിരെ കോടതിയിൽ വാദിച്ചത് അന്നത്തെ ഏറ്റവും പ്രമുഖനായ അഭിഭാഷകനായിരുന്ന നോർട്ടൺ പ്രഭു ആരായിരുന്നു. അനുകൂലമായി വാദിച്ചത് ദേശബന്ധു സി.ആർ.ദാസും, സി.ആർ.ദാസ് ആരാണ് ? അദ്ദേഹം വക്കീലും രാഷ്ട്രീയ നേതാവുമെന്നതിനുപുറമെ കവിയുംകൂടിയായിരുന്നു. അദ്ദേഹമാണ് പ്രശസ്തമായ 'സാഗരഗീതം' എന്ന ഇംഗ്ലീഷ് കവിതയുടെ കർത്താവ്. ഇതൊക്കെ ഓർക്കുമ്പോഴാണ് ഞങ്ങൾ ദു:ഖപൂർണ്ണരാകുന്നത്. ദു:ഖം കൊണ്ട് ഫലമില്ലെന്നറിയുമ്പോൾ അമർഷപൂർണ്ണരാകുന്നത്. സി.ആർ.ദാസ് കോടതിയിൽ വാദിച്ച് അരവിന്ദഘോഷിനെപുറത്തുകൊണ്ടുവന്നു. ഈ സ്മൃതികൾ ഇന്ത്യക്കാരുടെ ഹൃദയത്തിൽ സജീവങ്ങളായുണ്ടെങ്കിൽ, സ്വാതന്ത്ര്യപ്പിറ്റേന്ന് വിലാപകാവ്യം എഴുതേണ്ടിവരുമായിരുന്നില്ല. ഞാനൊന്നു ചോദിക്കട്ടെ, പൂർണ്ണസ്വാതന്ത്ര്യപ്രമേയം ഏതുകൊല്ലം പാസ്സാക്കി എന്നു ചോദിച്ചാൽ ഇവിടത്തെ മന്ത്രിസഭകളിലെ എത്രപേർ ശരിക്കുത്തരം പറയും ? ഇത് നല്ലൊരു പരീക്ഷണമാണോ എന്നെനിക്കറിയില്ല. എങ്കിലും ആ വർഷം ഏതെന്ന് അറിയാത്ത് ആളെ ശിക്ഷിക്കേണ്ടതാണ്. വെറുതെയാണോ ഇവർക്ക് അധർമ്മം അധർമ്മമായി തിരിയാത്തത്? കാരണം തങ്ങൾ ഇരിക്കുന്ന ഭൂമിയുടെ ഉള്ളിലുള്ള രത്നമഹിമ അറിഞ്ഞുകൂടാത്തവരാണ് അവർ. ഇപ്പോൾ നമ്മുടെ നേതാക്കൾ ദേശീയതലത്തിൽ എത്തുന്നത് പത്തൻപതുകൊല്ലം കൊണ്ട് ഇഴഞ്ഞിഴഞ്ഞല്ലേ ? സ്വന്തം മഹത്വം കൊണ്ടല്ല. അട്ട നിലത്തുനിന്ന് ഇഴഞ്ഞിഴഞ്ഞ് മച്ച് തൊടാറില്ലേ?

സ്വാതന്ത്ര്യത്തിന്റെ പിറ്റേന്ന് എന്താണ് സംഭവിച്ചത് ? സ്വാതന്ത്ര്യം വാങ്ങിത്തന്നയാളിനെ നാം കൊന്നു. ചരിത്രം വളരെ ലളിതമാണ്. കൊന്നത് ആരാണ് ? ഉത്തരം ബഹുവചനത്തിലാണ് - ശരിയായ ഉത്തരം. ഏകവചനത്തിലുള്ള ഉത്തരമായിരിക്കാം കോടതിയുടെ മുമ്പിൽ ശരി. ഒന്നു തീർച്ച. അദ്ദേഹം കട്ടിലിൽ കിടന്നു മരിച്ചതല്ല; ശുശ്രൂഷിച്ച് ശുശ്രൂഷിച്ച് മരിച്ചതല്ല. നിന്നിടത്തുനിന്ന് ജീവനോടെ താഴെവീണ് മരിക്കുകയായിരുന്നു. പിന്നീട് നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ കൊലകളുടെ - ആശയങ്ങളുടെയും ആദർശങ്ങളുടെയും കൊല-നാന്ദി ആയിരുന്നു ആ ഗുരുഹത്യ.

സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നാം ഭരണഘടനയുണ്ടാക്കി. പാവനമായ ഭരണഘടനഎന്നേ ആരും പറയാറുള്ളൂ. നാം തന്നെ എഴുതി നമുക്കു തന്നെ സമർപ്പിക്കപ്പെട്ട ഭരണഘടന. അതിൽ നിറയെ, ജ്വലിക്കുന്ന നക്ഷത്ര

സ്മരണ

In Loving Memory of



**Advocate. M.C. JOSEPH**

Moolamkunnam

Kuttanad, Ramankary

Died on : 31-05-1998

Sorrowful Family

**Roy Moolamkunnam & Family**

14, Hallyon Road, Birkenhed



ങ്ങൾപോലെ, ആദർശങ്ങൾ. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, നീതി എന്നീ ആദർശങ്ങൾ ! ഇതിലാദ്യത്തേത് മൂന്നും ഫ്രഞ്ചുവിപ്ലവത്തിന്റെ മുദ്രാവാക്യങ്ങളായിരുന്നു. അതുകേട്ട് കോട്ടകൾ ഇടിഞ്ഞ, കിരീടങ്ങൾ ഉരുകി കരിക്കട്ടയായി. ആ വിപ്ലവത്തിന്റെ ഉയർന്ന ആദർശങ്ങളാണ് നാം സ്വീകരിച്ചത്. അതിന്റെ കൂടെ നാം 'നീതി' എന്നുകൂടി എഴുതിച്ചേർത്തു. ഭരണഘടനയുടെ പിറന്നാൾ മുടങ്ങാതെ നാം കൊണ്ടാടുന്നുണ്ട്. സ്വാതന്ത്ര്യദിനത്തിനുശേഷം, റിപ്പബ്ലിക് ദിനം തുടങ്ങി;അവിസ്മരണീയങ്ങളായ പല ദിനങ്ങളും വന്നെങ്കിലും ഗാന്ധിജിയുടെ മരണത്തോടെ ബാക്കി ദിവസങ്ങൾക്ക് അർത്ഥമില്ലാതെയായി. ആ രക്തബിന്ദുക്കൾ ഇന്നും ഈ രാഷ്ട്രത്തിൽ തളംകെട്ടി നില്ക്കുകയാണ്. സ്വാതന്ത്ര്യപ്പിറ്റേന്നാണ് ഇതൊക്കെ നടന്നത്. എന്തിനായിരുന്നു ഗാന്ധിജിയുടെ വധം ? കേസ് കോടതിയിലൊക്കെപ്പോയി. പ്രതി ഒരാളായിത്തീർന്നു. അങ്ങനെയാണ് ഇപ്പോൾ ഗാന്ധിവധം വർണ്ണിക്കപ്പെടുന്നത്.

ഗാന്ധിജിയുടെ വധത്തെ സംബന്ധിച്ചുള്ള ഏറ്റവും വലിയ അജ്ഞാനം, അദ്ദേഹത്തെ ഒരാൾ കൊന്നു എന്നു ധരിക്കുനന്നതാണ്. ഗോഡ്സെ എന്ന ഒരു ഹൈന്ദവതീവ്രവാദി അദ്ദേഹത്തെ കൊന്നു എന്നതു ശരിയാണ്. എന്നാൽ ഗാന്ധിജിക്ക് സിന്ദാബാദ് വിളിക്കുകയും അതേസമയം രാഷ്ട്രീയം കച്ചവടമാക്കുകയും ചെയ്തവർകൂടി ഈ തോക്ക് പിടിച്ചതിന്റെ പിറകിലില്ലെന്ന് പറയാമോ ? ഇത് മനസ്സിലാക്കാത്തിടത്തോളം കാലം ആ മുറിവിൽ നിന്ന് ചോരയൊലിച്ചുകൊണ്ടേയിരിക്കും. ആരാണ് ഇന്ത്യയുടെ സ്വാതന്ത്ര്യം നശിപ്പിച്ചത് എന്നു ചോദിച്ചാൽ, ചുറ്റുംനോക്കി 'അവർ' നശിപ്പിച്ചു എന്ന് എല്ലാവരും പറയും. 'അവർ' ആ വർഗ്ഗീയവാദികൾ, അക്രമികൾ. ഞാൻ (ഞങ്ങൾ) ഉത്തമർ. ഈ വിശ്വാസത്തിന്റെ തോട്ടിനുള്ളിൽ നാം ജീവിക്കുന്നു. ഇന്ത്യയെ നശിപ്പിച്ചതിൽ ഞാനും ഒരു പങ്കുവഹിച്ചിട്ടുണ്ട് എന്ന് ഇവിടെ ഓരോരുത്തരും വിചാരിക്കാത്ത കാലത്തോളം നമ്മുടെ രാഷ്ട്രം ഈ അഗാധഗർത്തത്തിൽ നിന്ന് കരകയറുവാൻ പോകുന്നില്ല. ഗാന്ധിജി മരിച്ചു എന്നതിന്റെ അർത്ഥം, ഒരു ആ നെഞ്ചിലേറ്റു എന്നല്ല; അദ്ദേഹം നിലകൊണ്ട മഹനീയ ദർശനങ്ങൾ മരിച്ചു എന്നാണ്. ഗാന്ധിജി നമ്മുടെ ചിന്തയുടെ, ചക്രവാളത്തിന്റെ, ഒരു വിദൂര സീമയാണ്. ആ സീമയിലേക്കാണ് നമ്മൾ ഈ പ്രളയകാർമേഘങ്ങളെ അയച്ചത്. ആ ഭാസുരതയെ നാം നശിപ്പിച്ചു: ഗാന്ധിജി മരിച്ചപ്പോൾ, ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന നെഹ്റു വെളിച്ചംകെട്ടെന്ന് വിഷാദമഗ്നനായി പ്രസംഗിച്ചു. ഉടനെഅദ്ദേഹം തിരുത്തി, വെളിച്ചം കെട്ടിട്ടില്ല എന്ന്. കെട്ടില്ലേ?

ഗാന്ധി വധത്തെ ഓരോ അദ്ധ്യായമായി കാണാൻ ശ്രമിക്കുക. സ്വാതന്ത്ര്യസിദ്ധിയുടെ പിറ്റേന്നുതന്നെ ഘനവ്യവസായങ്ങളുടെ അണക്കെട്ട് പൊട്ടിച്ച് നാം ഒരു മഹാപ്രളയം ഇന്ത്യയിൽ ഉണ്ടാക്കിയില്ലേ? ഗാന്ധിജിയുടെ കുടിൽ വ്യവസായം എന്ന സങ്കല്പം എവിടെപ്പോയി? വലുതാണ് സ്വർഗ്ഗം എന്ന് ഘോഷം കൂട്ടി ഇന്ത്യയെ വ്യവസായവത്കരിക്കാൻ തുടങ്ങിയപ്പോൾ, 'ചെറുതാണ് മനോഹരം' എന്നുപറയാൻ ആരും ഉണ്ടായില്ല. അപ്പോൾ ആണ് ഗാന്ധിജി വധിക്കപ്പെട്ടത്. കാലബോധം പിഴയ്ക്കരുത്.

ഗാന്ധിജി വർദ്ധയിൽവെച്ച് പുതിയൊരു വിദ്യാഭ്യാസപദ്ധതികൊണ്ടുവന്നിരുന്നു-'നയിം തലിം'. ഈ മൗലികവിദ്യാഭ്യാസപദ്ധതി എഴുതി അവതരിപ്പിച്ചത് ഡോക്ടർ സക്കീർ ഹുസൈൻ ആയിരുന്നു. വർദ്ധയിൽവെച്ച് എഴുതിയതുകൊണ്ട് വർദ്ധാവിദ്യാഭ്യാസപദ്ധതി എന്നും ഇതിനു പേരുണ്ട്. 'വർദ്ധ' എന്നാൽ 'വർദ്ധിപ്പിക്കുന്നത്' എന്നാണർത്ഥം. പക്ഷേ ആ വിദ്യാഭ്യാസപദ്ധതി വർദ്ധിച്ചില്ല. വർദ്ധിപ്പിക്കാൻ ആരും ശ്രമിച്ചില്ല. ഡോ.സക്കീർ ഹുസൈൻ രാഷ്ട്രപതിയായിക്കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "സ്വാതന്ത്ര്യം കിട്ടിയതി

# In Loving Memory





KURIAN CHANDY (kuttappan)

Njavallil Andookunnel, Pala

Born: 15-07-1934 Died : 08-02-1996

The sorrowful family

**Abraham Alexander & Family**

**Mathew Alexander & family**

79 Kings Lane, Bebington, Wirral, CH63 8NP

നുശേഷം ഇവിടെ ഏറ്റവുമധികം വഞ്ചിക്കപ്പെട്ടത് ഈ മൗലികവിദ്യാഭ്യാസ പദ്ധതിയാണ്". 'Fraud' എന്ന കനത്ത ആക്ഷേപപവാക്കാണ് അദ്ദേഹം ഉപയോഗിക്കാൻ തിരഞ്ഞെടുത്തത്. വർദ്ധാപദ്ധതി എന്നുപറഞ്ഞ് ഇവിടെ എന്താണ് നടന്നത് ? എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും മുൻപിൽ വെറുതെ 'Basic' എന്നെഴുതിവെച്ചു. കുറച്ച് ചെന്നപ്പോൾ 'sic' എന്നു മാത്രമായി. പിന്നീട് എല്ലാം മാഞ്ഞുപോയി. ഇത് ഗാന്ധിജിയുടെ മറ്റൊരു മരണം. ആരാണ് ഗാന്ധിജിയെ കൊന്നത് എന്ന്, കോടതി വിട്ട്, ഒന്നു ചിന്തിച്ചുനോക്കൂ. വക്കീലന്മാരും ജഡ്ജിമാരുമല്ലാത്ത ചരിത്രത്തിന്റെ വിനീതരായ വിദൂരനിരീക്ഷകർ എന്ന നിലയ്ക്ക് നിങ്ങൾ ഒന്ന് ആലോചിക്കൂ ! ഗാന്ധിജിയെ നാമെല്ലാം കൂടി വധിച്ചു. കുമാരനാശാൻ എഴുതിയതുപോലെ, കാലുറയ്ക്കാത്ത ഈ നിലയിൽ, ചിന്തിക്കുന്ന ചിറകുകൾ കിട്ടിയാൽ എത്ര നന്നായിരുന്നു! നമ്മുടെയെല്ലാം ജീവിതത്തിൽ മഹാപ്രതിസന്ധികളുടെ നടുവിൽ നാം ചെയ്യുന്ന പ്രാർത്ഥനയാണിത്.

ഗാന്ധിജിയെ, ഗുരുവിനെ, നാം കൊന്നിരിക്കുന്നു. പ്രവാചകഹത്യയാണ് ഇത് - 'Vaticide' എന്ന് ഇംഗ്ലീഷിൽ,. ലളിത ജീവിതം വേണമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ അമ്പാസഡർമ്മാരെപ്പോലെ ധാരാളിത്തം കാട്ടുന്ന തന്ത്രപ്രതിനിധികൾ ലോകത്തിൽ ഒരിടത്തും കാണാൻ കഴിയില്ല. എന്തിന് അമ്പാസഡർമാരെ പഴി പറയുന്നു? ഇവിടെ ഏതു ഗവൺമെന്റാഫീസുണ്ട് ധൂർത്ത് നടത്താതെ? കൈക്കൂലിയില്ലാതെ? ഇന്ത്യ ദരിദ്രവും ഇന്ത്യ ഭരിക്കുന്നവർ മഹാപ്രഭുക്കളും ആയത് ഇതുവഴിയാണ്. ഇന്ത്യയിൽ ഇതുപോലെ സ്വാതന്ത്ര്യത്തിനുശേഷം നടന്ന അവിശ്വസിനിയങ്ങളായ വൈപര്യത്യങ്ങൾക്ക് കണക്കില്ല. ഇവിടെ കളിക്കാരും മാനേജർമാരും സമ്പന്നർ, കളിമാത്രം പരമദയനീയം. ഇവിടെ അദ്ധ്യാപകനും മാനേജരും സമ്പന്നർ, വിദ്യാഭ്യാസം അതി ദരിദ്രം. ഇവിടെ ആദർശ പ്രഖ്യാപനങ്ങൾക്ക് അവസാനമില്ല. ആദർശ പ്രവർത്തനങ്ങൾക്ക് ആരംഭവും ഇല്ല. ഗാന്ധിജിയുടെ വധമാണിതല്ലാം. ഗാന്ധിജി മരിച്ചതിൽ (വധിക്കപ്പെട്ടതിൽ) നാം അതിരുവിട്ട് ദുഃഖിക്കേണ്ടതില്ല. മരണം എന്നും കൂടെയുള്ളതാണ്. — " നിത്യം സന്നിഹിതോ മൃത്യൂ" എന്ന് രാമായണത്തിലൊ മറ്റോ പറയുന്നുണ്ട്. ജനിച്ചാൽ ഒരു തീർച്ചയേയുള്ളു. അത് മരണത്തിന്റെ തീർച്ചയാണ്. ഗാന്ധിജിക്ക് ഇത് ആരെക്കാളും നന്നായി അറിയാമായിരുന്നു. ' രാമ ചരിത മാനസ'വും ' ഗീത 'യും അദ്ദേഹത്തിന്റെ തീർത്ഥങ്ങളായിരുന്നു. തന്റെ ആദർശങ്ങളെ ചുട്ടുചാമ്പലാക്കിയവർ തന്റെ ചരമത്തിൽ ദുഃഖിക്കുന്നുവെന്നറിഞ്ഞാൽ പല്ലില്ലാത്ത ചിരി ഉടനെപൊട്ടിപ്പുറപ്പെടാതിരിക്കുകയില്ല. അദ്ദേഹത്തിന്റെ ശവശരീരം സൈനീക വാഹനത്തിൽ കൊണ്ടുപോയി സൈനീക ബഹുമതികളോടെ അദ്ദേഹത്തിന്റെ അടുത്ത അന്തേവാസികൾ സംസ്കരിച്ചു. അദ്ദേഹത്തിന്റെ സ്മൃതികുടീരത്തിന് 'രാജ്ഘട്ട്' എന്ന് പേരിട്ടു. ഗാന്ധിജി പുറത്തുവരുമെന്ന് നാം ഭയപ്പെട്ടിരുന്ന ഒരു സമയമായിരുന്നു അത്. ഗാന്ധിജിയായതിനാൽ, " നീയോ, ബ്രൂട്ടസ്സേ?" എന്ന് അവരോട് ചോദിച്ചില്ല. സ്വാതന്ത്ര്യപ്പിറ്റേന്ന് നടന്ന നാടകം എല്ലാം പിറ്റേന്നും കളിച്ചു, സ്റ്റേജ് കീഴടക്കി നടന്നുകൊണ്ടിരുന്നു.

നമ്മൾ ഒരു ഊർധ്വലോകം പിടിച്ചടക്കിയത് മഹാസ്വപ്നങ്ങളുടെ സഹായത്തോടെയായിരുന്നു. ഡോക്ടർ രാധകൃഷ്ണൻ ഒരിക്കൽ പറഞ്ഞു, "സ്വപ്നങ്ങളില്ലാത്ത രാഷ്ട്രം മരിച്ച രാഷ്ട്രമാണ് " എന്ന്. ഗാന്ധിജി പറഞ്ഞു, ചാണകക്കൂനകളിൽ കഴിയുന്ന പാവപ്പെട്ടവരെ ഭൂമിയിലെ സ്വർഗ്ഗത്തിലേക്കുയർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു" അത് ഒരേസമയം പ്രാർത്ഥനയും ഭാവനയും പ്രതിജ്ഞയും ആയിരുന്നു. നമുക്കിന്ന് സ്വപ്നങ്ങൾ നഷ്ടപ്പെട്ടുപോയി. ഉറക്ക

'സ്വപ്നങ്ങളില്ലാത്ത രാഷ്ട്രം മരിച്ച രാഷ്ട്രമാണ് " എന്ന്. ഗാന്ധിജി പറഞ്ഞു, ചാണകക്കൂനകളിൽ കഴിയുന്ന പാവപ്പെട്ടവരെ ഭൂമിയിലെ സ്വർഗ്ഗത്തിലേക്കുയർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു'

# In Ever Loving Memory of



## ROSAMMA JOSEPH

*Perikilamalayil*

*Ezhacherry, Ramapuram*

**Born : 03 - 11 - 1935 | Died: 17 - 03 - 2008**

*By Sorrowful Family*

വുമില്ല, സ്വപ്നവുമില്ല. വല്ല സ്വപ്നങ്ങളുമുണ്ടെങ്കിൽ അത് സ്വന്തം കുടുംബത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ മാത്രം. അത്യാഗ്രഹമാണ് ഇവിടെ സ്വപ്നം, സത്യാഗ്രഹം അല്ല. കുടുംബമെന്നത് രാഷ്ട്രമായി മാറുമ്പോൾ രാഷ്ട്രത്തിന് അർത്ഥമില്ലാതെ വരുന്നു. പഴയ വീരകഥകളൊക്കെ ചെവികൊണ്ട് കേൾക്കാൻ കഴിഞ്ഞില്ലെങ്കിലും അമ്മാവുകൊണ്ട് കേട്ട വള്ളത്തോൾ 'എന്റെ ഗുരുനാഥൻ' എന്ന കവിതയെഴുതി. 'ലോകമേ തറവാട്' എന്നത് ഗാന്ധിജിക്കു ശേഷം വന്നവർ മറക്കില്ല എന്ന് മഹാകവി വിചാരിച്ചു. എന്നാൽ, പിന്നീട് എല്ലാ സങ്കൽപ്പങ്ങളും വ്യക്തിയിലേക്ക് ചുരുങ്ങി. രാഷ്ട്രമെന്നത് കുടുംബമെന്നതിലേയ്ക്ക് സങ്കോചിച്ചു. ഗാന്ധിജി ഒഴികെ മറ്റെല്ലാ നേതാക്കളും ഇന്ത്യയെ കുടുംബമാക്കി ചുരുക്കി. ഗാന്ധിജിക്ക് ഭാര്യയുണ്ടായിരുന്നു; കുടുംബമുണ്ടായിരുന്നു. കുട്ടികൾ ഗാന്ധിജിയെ 'അച്ഛൻ' എന്നു വിളിക്കുകയും ചെയ്തിരുന്നു. ഗാന്ധിജി അവർക്കു വേണ്ടി ഒന്നും ചെയ്തില്ലേ? അവർ അവരുടെ രീതിയിൽ പോകട്ടെ എന്ന സ്വാതന്ത്ര്യം അവർക്ക് കൊടുത്തു. അദ്ദേഹത്തിന്റെ ഒരു മകൻ ഇസ്ലാം മതം സ്വീകരിച്ചു. ഗാന്ധിജി പറഞ്ഞു: "മോനെ, ഇസ്ലാമിനെശരിക്ക് മനസ്സിലാക്കിയിട്ടാണ് ഇത് ചെയ്യുന്നതെങ്കിൽ നല്ലത്. എന്നോടുള്ള വിരോദം കൊണ്ടാണെങ്കിൽ നീ പശ്ചാതപിക്കേണ്ടിവരും." പറഞ്ഞതുപോലെ പശ്ചാതപിക്കുകയും ചെയ്തു. വലിയൊരു കുടുബക്ഷേമപദ്ധതിയാണ് ഇന്നത്തെ രാഷ്ട്രീയം. തിരഞ്ഞെടുപ്പുകളിൽ അച്ഛന്റെ പിന്നിൽ മോനും മോളും കയറിവരുന്നു; ഭർത്താവിന്റെ പിറകെ ഭാര്യ തലയുയർത്തിവന്നു. കഥയിലെ കഴുതയെ കൂടെയില്ലാതെയുള്ളൂ! കസേരയിലിരിക്കാനുള്ള അധികാരപത്രത്തിനുവേണ്ടിയാണെല്ലാം. ഗാന്ധിജി കുടുംബത്തിനു വേണ്ടി ഒന്നും ചെയ്തില്ലെന്ന് പറഞ്ഞ ആളുകൾ അദ്ദേഹത്തെ തിരിഞ്ഞെതിർക്കുന്ന കാലം വന്നു. എന്നിട്ടും നാം വിചാരിക്കുന്നു മറ്റ് ആരോ ആണ് വധിച്ചത് !

മഹാത്മാവിനെഓർക്കുന്ന രീതിയിൽ നിന്നു തന്നെ, അത് ആർക്കാനോ വേണ്ടിയുള്ള ഓക്കാനമാണെന്ന് മനസ്സിലാക്കാം. അമ്പത് കൊല്ലം കഴിഞ്ഞില്ലേ ഈ വഷളായ അഭിനയം നാം കണ്ടുതുടങ്ങിയിട്ട്? ഔദ്യോഗികമായ ഒരു ചടങ്ങാണ് ഇന്ന് ഗാന്ധിജയന്തിയും ചരമദിനവും. പലരും ഈ ദിനങ്ങൾ വരാൻ ആഗ്രഹിക്കുന്നത് ഗാന്ധിജിയെ സ്മരിക്കാമല്ലോ എന്ന് കരുതിയല്ല, രണ്ട് ഒഴിവുദിനങ്ങൾ കിട്ടുമല്ലോ എന്ന സന്തോഷം ഉള്ളിൽ വെച്ചുകൊണ്ടാണ്. ഒഴിവ് ഗാന്ധിജിക്കും ദിനം നമുക്കുമായി നാം പകത്തുവയ്ക്കുന്നു. മന്ത്രിമാർ ദൂരദർശനുവേണ്ടി ഗാന്ധിജിയെ ഓർക്കുന്നു. ഗാന്ധിപ്രസ്ഥാനങ്ങൾപോലും ജീവൻ ക്ഷയിച്ചതുപോലെയാണ് ഇന്നത്തെ പ്രവർത്തനം. ഗാന്ധിജിയുടെ കർമ്മവീര്യവും ധൈര്യവും സാഹസികതയും അനീതിയോട് ദാക്ഷിണ്യമില്ലാത്ത എതിർപ്പും ഉള്ള അനുയായികൾ കുറവാണ്. ഖണ്ഡഗാന്ധിമാരാണ് ഇന്ന് ആദരിക്കപ്പെടുന്നത്. പൂർണ്ണഗാന്ധി രാജ്ഘട്ടിൽ തണുത്തുമരവിച്ചു കിടക്കുന്നു. ഗാന്ധിജിയുടെ ഓർമ്മയ്ക്കുവേണ്ടി വിദേശരാഷ്ട്രത്തലവന്മാരും വിനോദയാത്ര ചെയ്യുന്ന വിദ്യാർത്ഥികളും യുവാക്കളും രാജ്ഘട്ടിലേക്കാണ് തിരിക്കുന്നത്. രാജാവിനെതിരെ യുദ്ധം ചെയ്ത് നീണ്ടകാലം ജയിലിൽ കിടന്ന മനുഷ്യനെരാജ്ഘട്ടിൽ പ്രതിഷ്ഠിച്ച നാം അദ്ദേഹത്തെ മരണത്തിനുശേഷവും തുറങ്കിലടയ്ക്കുകയല്ലേ?

വിദേശങ്ങളിലാണ് ഗാന്ധിജി ജീവിക്കുന്നതെന്ന് തോന്നുന്ന ആഫ്രിക്കയിൽ, അമേരിക്കയിൽ. നെൽസൺ മണ്ടേല, വധിക്കപ്പെട്ട മാർട്ടിൻ ലൂഥർ കിങ്ങ് എന്നിവർ ഗാന്ധിജിയുടെ വഴി പിന്തുടർന്നു. നമ്മൾ ഗാന്ധിഭക്തി പ്രകടിപ്പിക്കുന്നു. നമുക്ക് എല്ലാം പ്രകടനമായിപ്പോയി. ഗാന്ധിജി ഇപ്പോഴും ശക്തനാണെന്ന് കരുതുന്നത് ആർ.എസ്സ്.എസ്സ്. ആണെന്നാണ് എന്റെ അഭിപ്രായം.

കഥയിലെ കഴുതയെ കൂടെയില്ലാതെയുള്ളൂ! കസേരയിലിരിക്കാനുള്ള അധികാരപത്രത്തിനുവേണ്ടിയാണെല്ലാം.

ലേഖനം

# സ്മരണാഞ്ജലി



അമ്മയുടെ ഓർമകൾ

ഞങ്ങൾക്കെന്നും ഒരു സ്വാന്തനമാണ്

---

**വേദനയോടെ**

മകൾ : ബിന്ദു ഹരികുമാർ, മരുമകൻ : ഹരികുമാർ ഗോപാലൻ
പേരക്കുട്ടികൾ : ദേവകി, കേശവ്

# സ്നേഹസ്മരണയ്ക്ക്



## മറിയാമ്മ തോമസ്

കുന്നത്തുശേരിയിൽ
പാറമ്പുഴ

From,

**Jijo, Simi, Alfikuttan**

അതുകൊണ്ടാണല്ലോ, അവർ അദ്ദേഹത്തെ എപ്പോഴും എതിർത്തുകൊണ്ടിരിക്കുന്നത്! ഞാൻ കോടതിയല്ല. ഞാൻ നാടിനെക്കുറിച്ച് ചിന്തിക്കുകയാണ്. ഗോഡ്സെയുടെ അജ്ഞതകൊണ്ടാണ് അയാൾ ഗാന്ധിയെ വധിച്ചത്. ഇനിയും വധിക്കപ്പെടാൻവേണ്ടി ഗാന്ധിജി നമ്മുടെ ഹൃദയങ്ങളിൽ അർദ്ധപ്രാണനായി ജീവിക്കുന്നു. ഗാന്ധിജിയെ വധിക്കാനാവില്ല എന്ന, വീണ്ടും വീണ്ടും ഗാന്ധിജി വധിക്കപ്പെടുമ്പോൾ, ലോകം മനസ്സിലാക്കിത്തുടങ്ങുന്നു. സ്വർഗ്ഗത്തിൽ മാർട്ടിൻ ലൂഥർ കിങ്ങ് എത്തിയപ്പോൾ ഗാന്ധിജി ഇങ്ങനെപറഞ്ഞു വത്രേ: ശരീരത്തെ നശിപ്പിച്ചാൽ ആൾ മരിക്കുമെന്ന് ഇവർ ഇപ്പോഴും വിശ്വസിക്കുന്നുണ്ടോ?

ഏതോ ഒരു കർത്തവ്യഭ്രമത്തിന്റെ പേരിൽ, മസ്തിഷ്കത്തിന്റെ ജ്വരബാധിതമാ, ഏതോ ഭീകരമുഹൂർത്തത്തിൽ, ഗോഡ്സെക്ക് ഈ വധം ചെയ്യേണ്ടിവന്നതാകണം. യുഗങ്ങൾ നീണ്ടുനില്ക്കുന്ന പ്രാർത്ഥനയുടെ ഫലമായിപ്പോലും ഇനി നമുക്ക് കിട്ടാനിടയില്ലാത്ത ഒരു മഹാനെയാണ് താൻ വകവരുത്തുവാൻ പോകുന്നതെന്ന് അയാൾക്ക് എങ്ങനെയോ അറിയാമായിരുന്നുവെന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കാം അയാളുടെ കൈ കൂമ്പിപ്പോയത്. യഥാർത്ഥത്തിൽ നമ്മളെല്ലാവരും കുറ്റവാളികളാണ്. ഇപ്പോഴും കുറ്റവാളികളായി തുടരുന്നു. സത്യസന്ധമായ ഒരു കുമ്പസാരം നടത്താതെ ഈ രാജ്യത്തെ തകർച്ചയിൽനിന്ന് രക്ഷിക്കാനാവില്ല എന്ന് ഓരോ വ്യകിതിയും ധരിച്ചിട്ടില്ലെങ്കിൽ കഷ്ടമാണ്.

> സത്യസന്ധമായ ഒരു കുമ്പസാരം നടത്താതെ ഈ രാജ്യത്തെ തകർച്ചയിൽനിന്ന് രക്ഷിക്കാനാവില്ല എന്ന് ഓരോ വ്യകിതിയും ധരിച്ചിട്ടില്ലെങ്കിൽ കഷ്ടമാണ്.

